(ഡി) കേരളം സ്ഥിരമായി പങ്കെടുക്കുന്ന താഴെ പറയുന്ന അന്താരാഷ്ട്ര ഫെയറുകളിൽ അടുത്ത വർഷവും പങ്കെടുക്കാൻ ഉദ്ദേശിക്കുന്നു :

1. ഫിത്തൂർ-സ്പെയിൻ.
2. ബിറ്റ്-മിലാൻ.
3. ഐറ്റിബി-ബെർലിൻ.
4. എറ്റിഎം.-ദുബായ്.
5. പാറ്റാ-ട്രാവൽമാർട്ട്.
6. ഡബ്ല്യുറ്റിഎം-ലണ്ടൻ.

ടൂറിസം മേഖലയിൽ ശുദ്ധജലം എത്തിക്കാൻ പദ്ധതി

65 [743] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം തൊട്ട് തെക്കോട്ടുള്ള ടൂറിസം മേഖലയിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കിയിരുന്നുവോ ; എങ്കിൽ ആ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ, 2006-07 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അതിനാവശ്യമായ തുക ഉൾപ്പെടുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ–ഡി) കോവളം തൊട്ട് തെക്കോട്ടുള്ള ടൂറിസം മേഖലയിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി ടൂറിസം വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത് നടത്തുന്നില്ല. എന്നാൽ, കോവളം വിനോദ സഞ്ചാര മേഖല ഉൾപ്പെട്ട പ്രദേശത്ത് ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു പദ്ധതി തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തയ്യാറായി വരുന്നുണ്ട്.

ബേക്കൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം

66 [744] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട ബേക്കൽ കുടിവെള്ള പദ്ധതിയുടെ പണി ഇതുവരെ പൂർത്തിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly